# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2023-2024



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: **ddhglfalpy@gmail.com**

ഫോൺ : **0477-2252753**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/ബിപി - 593/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 08/08/2024
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസ് മുഖേന)
2)ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, ആലപ്പുഴ
3)ഓഫീസ് പകർപ്പ്

നമ്പർ: കെ.എസ്.എ-എ.എൽ.പി/ബിപി - 593/2024 തീയ്യതി: 08/08/2024

## ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-10-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എസ് വിജയകുമാർ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 10-06-2024 | 15-06-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-06-2024 | 15-06-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.സുരേഷ് എസ്., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)

ശ്രീമതി എ.ഡി.ബീന, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി രഞ്ജു പ്രകാശ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.സിജി ജോൺ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ പി എം പ്രമോദ് | പ്രസിഡന്റ് | 01-04-2023 | 04-08-2023 |
| അഡ്വ. വി ആർ രജിത | പ്രസിഡന്റ് | 05-08-2023 | 31-03-2024 |
| ശ്രീമതി . സിസിലി പി വി | സെക്രട്ടറി | 01-04-2023 | 31-05-2023 |
| ശ്രീ . ദിനി റ്റി എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2023 | 04-07-2023 |
| ശ്രീമതി . ജീമോൾ ജി | സെക്രട്ടറി | 05-07-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി . സമീര പൊതുകാട്ടിൽ | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2023 | 21-08-2023 |
| ശ്രീമതി റെജി പി വി | അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 22-08-2023 | 31-03-2024 |
| ശ്രീമതി സിനിമോൾ പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ. സേതുമാധവൻ | മെഡിക്കൽ ഓഫീസർ , അരൂക്കുറ്റി സി എച്ച് സി | 01-04-2023 | 31-03-2024 |
| ഡോ. വിനിത റ്റി വി | മെഡിക്കൽ ഓഫീസർ , ചേന്നം പള്ളിപ്പുറം , എഫ് എച്ച് സി | 01-04-2023 | 30-04-2023 |
| ഡോ . ഡാൽമിറ്റ നിയ ജയിംസ് | മെഡിക്കൽ ഓഫീസർ , ചേന്നം പള്ളിപ്പുറം എഫ് എച്ച് സി | 01-05-2023 | 31-03-2024 |
| ഡോ. അമ്പിളി എ | മെഡിക്കൽ ഓഫീസർ , തൈക്കാട്ടുശ്ശേരി എഫ് എച്ച് സി | 01-04-2023 | 31-03-2024 |
| ഡോ. സുബിൻ കെ സലിം | മെഡിക്കൽ ഓഫീസർ , പെരുമ്പളം എഫ് എച്ച് സി | 01-04-2023 | 31-05-2023 |
| ഡോ.വിജയൻ വി | മെഡിക്കൽ ഓഫീസർ , പെരുമ്പളം എഫ് എച്ച് സി | 01-06-2023 | 06-06-2023 |
| ഡോ. സ്വരൂപ് ടെന്നിസൺ കെ | മെഡിക്കൽ ഓഫീസർ , പെരുമ്പളം എഫ് എച്ച് സി | 07-06-2023 | 31-03-2024 |
| ശ്രീമതി ലിനി എം | പട്ടികജാതി വികസന ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി . ശ്രീജ പി | സി ഡി പി ഒ | 01-04-2023 | 10-08-2023 |
| ശ്രീമതി . സോയ സദാനന്ദൻ | സി ഡി പി ഒ | 11-08-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി .ജിഷ ആന്റണി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീമതി . നിഷ എം വി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീ. സുബ്രഹ്മണ്യൻ കെ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | വാർഷിക കണക്കിലെ ഫണ്ടിനങ്ങളുടെ ചെലവ് തുക ഏ സി ആർ -ലെ തുകയുമായി യോജിക്കുന്നില്ല | 1-1-3 |
| 5 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിലെ വാർഷികകണക്കിലെ നീക്കിയിരിപ്പ് തുക ഏസിആർ -ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | വാടക രജിസ്റ്ററിൽ ഡി സി ബി എഴുതി തയ്യാറാക്കിയിട്ടില്ല | 1-1-5 |
| 7 | സെക്രട്ടറിയുടെ പേരിലുള്ള അക്കൌണ്ടിലെ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം (റെസീറ്റ് ആൻഡ് പേയ്മെന്റ് അക്കൌണ്ട് പ്രകാരം) | 1-3 |
| 10 | ഗ്രാന്റ് വിനിയോഗം (വാർഷിക കണക്കുകൾ പ്രകാരം) | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | 'അങ്കണവാടികളിൽ സ്മാർട്ട് സെറ്റിംങ്സ്'- പദ്ധതി നടത്തിപ്പിൽ ഗുരുതരവീഴ്ച -വിതരണം ചെയ്യാത്ത സാധനങ്ങളുടെ വില നിരാകരിക്കുന്നു | 1-10 |
| 17 | റോഡിന്റെ ഭാഗമല്ലാതെ വരുന്ന തോടിന്റെ സൈഡ് കല്ലുകെട്ടുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് MoRD സ്പെസിഫിക്കേഷനിൽ | 1-11 |
| 18 | റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ (RRF) | 1-12 |
| 19 | നിർദ്ദിഷ്ട സമയത്തിനുള്ളിൽ കരാർ വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല | 1-13 |
| 20 | ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- വിതരണ രേഖയില്ല - തുക തടസ്സപ്പെടുത്തുന്നു | 1-14 |
| 21 | മുൻകൂർ തുക കൈപ്പറ്റിയിട്ടും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല | 1-15 |
| 22 | ഇൻഫർമേഷൻ കേരള മിഷനുള്ള വെബ് വരിസംഖ്യ - വിനിയോഗ വിവരം ലഭ്യമല്ല | 1-16 |
| 23 | ചെലവ് രേഖകൾ ഹാജരാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-17 |
| 24 | ലൈഫ് ഭവന പദ്ധതി | 1-18 |
| | ഭാഗം 2 | |
| 1 | നിർദ്ദിഷ്ട സമയത്തിനുള്ളിൽ കരാർ വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല | 2-1 |

| | | |
|---|---|---|
| **ഭാഗം 3** | | |
| 1 | 'അങ്കണവാടികളിൽ സ്മാർട്ട് സെറ്റിംങ്സ്'- പദ്ധതി നടത്തിപ്പിൽ ഗുരുതരവീഴ്ച- വിതരണം ചെയ്യാത്ത സാധനങ്ങളുടെ വില നിരാകരിക്കുന്നു | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിലെ വിവരം | 4-7 |
| 8 | ചാർജ്ജ്, സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I)1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 21.05.2024-ലെ 3(1) കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 03-05-24 -ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2024 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II)കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

**1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല**

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, നോട്സ് ടു അക്കൗണ്ട്സ് എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. Prior Period ആയി ക്രമീകരിച്ച ഇനങ്ങളുടെ ആധികാരികത (ഷെഡ്യൂൾ I-18)നോട്ട്സ് ഓൺ അക്കൗണ്ടിലൂടെ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

**1-1-2 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല**

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-3 വാർഷിക കണക്കിലെ ഫണ്ടിനങ്ങളുടെ ചെലവ് തുക ഏ സി ആർ -ലെ തുകയുമായി യോജിക്കുന്നില്ല**

വികസന ഫണ്ട് (ജനറൽ) ഇനത്തിൽ ACR പ്രകാരമുള്ള ചെലവ് തുക 1,27,75,269/- രൂപയും വാർഷിക കണക്ക്, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരമുള്ള ചെലവ് തുക 1,15,02,570/- രൂപയുമാണ്. വികസന ഫണ്ട് (എസ് സി പി ) ഇനത്തിൽ ACR പ്രകാരമുള്ള ചെലവ് തുക 70,36,726/- രൂപയും വാർഷിക കണക്ക്, സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരമുള്ള ചെലവ് തുക 64,28.000/- രൂപയുമാണ്.

**1-1-4 ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിലെ വാർഷികകണക്കിലെ നീക്കിയിരിപ്പ് തുക ഏസിആർ -ലെ തുകയുമായി പൊരുത്തപ്പെടുന്നില്ല**

ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് & അൺ - ടൈഡ്) ഇനത്തിൽ ഏ സി ആർ പ്രകാരമുള്ള വരവ്, മുൻ ബാക്കി, പലിശ എന്നിവ ചേർത്ത് ആകെ വരവ് തുക-60,39,033/-രൂപയാണ്. ഏ സി ആർ, ചെലവ് പത്രിക, AFS എന്നിവ പ്രകാരമുള്ള ചെലവ് തുക – 20,08,839 രൂപയാണ്. എന്നാൽ, ഏ സി ആർ പ്രകാരം ലാപ്സായ തുക 40,30,194/- രൂപയും AFS പ്രകാരം 38,43,102/- രൂപയുമാണ്. 1,87,092/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

**1-1-5 വാടക രജിസ്റ്ററിൽ ഡി സി ബി എഴുതി തയ്യാറാക്കിയിട്ടില്ല**

വാടക രജിസ്റ്ററിൽ ഡി സി ബി എഴുതി തയ്യാറാക്കിയിട്ടില്ല. 2022-23 ലെ AFS പ്രകാരം വാടകയിനത്തിൽ 6,000/- രൂപ ബാക്കി നിൽക്കുന്നു. എന്നാൽ, 2023-24-ലെ രജിസ്റ്റർ പ്രകാരം 7,000/- രൂപ അരിയർ കളക്ഷൻ വരവുണ്ട്. കൂടാതെ, ബാലൻസ് ഷീറ്റിലെ (ഷെഡ്യൂൾ -B15) Rent Recievables രേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത പരിശോധിക്കാനായില്ല.

**1-1-6 സെക്രട്ടറിയുടെ പേരിലുള്ള അക്കൌണ്ടിലെ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല**

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ പഞ്ചാബ് നാഷണൽ ബാങ്ക്, ചേർത്തല -ൽ (അക്കൌണ്ട് നം. 3894000100008667) പാസ്ബുക്ക് പ്രകാരം 02.09.2023-ൽ 70,578/-രൂപ ബാങ്കിൽ നിക്കിയിരിപ്പുണ്ട്. എന്നാൽ, ടി വിവരം വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ, MNREGS -ന്റെ കണക്കുകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

**1-2 ബജറ്റ്**

2023-24 വർഷത്തെ ബജറ്റ് 21.03.2023 - ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 13.02.2024-ലെ 1-ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 53,17,21,294 | 53,05,31,944 |
| വാർഷിക കണക്ക് പ്രകാരം | 4,06,30,925 | 4,44,46,726 |

## 1-3 സാമ്പത്തിക വിശകലനം (റെസീറ്റ് ആൻഡ് പേയ്മെന്റ് അക്കൌണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 53,43,132 |
| വരവ് | 5,35,98,354 |
| ആകെ | 5,89,41,486 |
| ചെലവ് | 4,83,94,489 |
| നീക്കിയിരിപ്പ് | 1,05,46,997 |

## 1-4 ഗ്രാന്റ് വിനിയോഗം (വാർഷിക കണക്കുകൾ പ്രകാരം)

| ഫണ്ടിനം | | മുൻബാക്കി | വരവ് | ആകെ | ചെലവ് (I-6+Capital Contribution) | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | | | 1,66,91,000 | 1,66,91,000 | 1,15,02,570 | 51,88,430 |
| വികസനഫണ്ട് (എസ്.സി.പി) | | | 96,42,000 | 96,42,000 | 64,28,000 | 32,14,000 |
| വികസനഫണ്ട് (ടി.എസ്.പി) | | | 1,50,000 | 1,50,000 | 95,000 | 55,000 |
| സംരക്ഷണഗ്രാന്റ് (റോഡ്) | | | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | | | 1,46,99,400 | 1,46,99,400 | 92,88,381 | 54,11,019 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ടൈഡ് (ബാങ്ക്) | 6,12,270 | 20,73,000 | 26,85,270 | 3,38,565 | 23,46,705 |
| | അൺ ടൈഡ് (ബാങ്ക്) | 5,49,276 | 2764000+ 40487 (ബാങ്ക് പലിശ) | 33,53,763 | 1670274 | 16,83,489 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 121 | 7,43,81,151 | 92 | 3,30,15,695 | 0 | 29 | 76.03% |

**1-6 തൊഴിലുറപ്പ് പദ്ധതി**

വാർഷിക കണക്കിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവുകൾ ഉൾപ്പെട്ടിട്ടില്ല.

**1-7 ക്ഷേമ പദ്ധതികൾ**

ഇല്ല

**1-8 ക്യാഷ് വെരിഫിക്കേഷൻ**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.06.2024-ന് 4.10 Pm-ന് ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 1,180/- രൂപ ക്യാഷ് ബാലൻസ് ഉള്ളതായി എന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

**1-9 ആഭ്യന്തര നിയന്ത്രണം**

പഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ ചേർക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. വാടക രജിസ്റ്ററിൽ ഡി സി ബി എഴുതി തയ്യാറാക്കിയിട്ടില്ല.

2. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ചേർത്തല പഞ്ചാബ് നാഷണൽ ബാങ്കിലെ അക്കൌണ്ട് നം. 3894000100008667 പാസ്ബുക്കിൽ 02.09.2023-ൽ 70,578/-രൂപ ബാങ്കിൽ നിക്കിയിരിപ്പുണ്ട്. ടി തുക വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. കൂടാതെ, ടി തുക ഏതിനത്തിലുള്ളതാണെന്നും ബ്ലോക്ക് പഞ്ചായത്ത് അധികൃതർക്ക് നിശ്ചയമില്ല.

3. പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾ/കെട്ടിടഭാഗങ്ങൾ ലേലത്തിനായി എൻജിനീയറിംഗ് വിഭാഗം മൂല്യനിർണ്ണയം നടത്തി നൽകിയതായി കാണുന്നില്ല. ഉദാ: അരൂക്കുറ്റി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മെയിന്റനൻസ്

4. ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ഒരേ അങ്കണവാടികൾക്കുതന്നെ വിവിധ പദ്ധതികളിലായി സാധനങ്ങളും കളിയുപകരണങ്ങളും വാങ്ങി നല്കിവരുന്നതിനാൽ കളിയുപകരണങ്ങൾ വയ്ക്കാൻ സ്ഥലമില്ലാത്തതിനാൽ ബർത്തിലും സ്റ്റോർമുറിയിലുമായി കൂട്ടിയിട്ടിരിക്കുന്നതായി പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു. ആവശ്യകത നിർണ്ണയിക്കാതെയും പരിശോധന നടത്താതെയും പദ്ധതികൾ തയ്യാറാക്കുന്നതാണ് ഇതിന് കാരണം.

മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-10 'അങ്കണവാടികളിൽ സ്മാർട്ട് സെറ്റിംങ്സ് '- പദ്ധതി നടത്തിപ്പിൽ ഗുരുതരവീഴ്ച -വിതരണം ചെയ്യാത്ത സാധനങ്ങളുടെ വില നിരാകരിക്കുന്നു**

ശിശു വികസന പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ 'അങ്കണവാടികളിൽ സ്മാർട്ട് സെറ്റിംങ്സ് ' എന്ന പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

പ്രോജക്റ്റ് നം. S0017/22-23
അടങ്കൽ – 8,53,500/-(വികസനഫണ്ട് – പൊതുവിഭാഗം)
ചെലവ് – 3,72,000/- (23-24)
– 4,81,500/-(ക്യൂബിൽ – 24-25)
ഇൻവോയ്സ് നം.RJE02178/23-24/28.11.23 -372000/- (ട്രഷറി ബിൽ നം.14/13.2.24)
ഇൻവോയ്സ് നം.RJE02186/23-24/29.11.23 -347500/-
ഇൻവോയ്സ് നം.RJE02194/23-24/30.11.23 -134000/-
4,81,500/-(ട്രഷറി ബിൽ നം.02/24-25/9.5.24 – 481500/-)

തൈക്കാട്ടുശ്ശേരി ബ്ലോക്കിനുകീഴിലുള്ള 5 ഗ്രാമപഞ്ചായത്തുകളിലെ ഓരോ അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികളാക്കുന്നതിനായാണ് മേൽ പ്രോജക്റ്റ് നടപ്പിലാക്കിയിട്ടുള്ളത്. പ്രോജക്റ്റിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന ഇനങ്ങളാണ് വാങ്ങി വിതരണം നടത്തിയിട്ടുള്ളത്.

| | ഇനം | ഒരെണ്ണത്തിന്റെ വില(രൂ.) | ആകെ വാങ്ങിയത് | ആകെ | ലഭ്യമാക്കിയ വിതരണ വിവരം (അങ്കണവാടി നം.) | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | പാണാവള്ളി (നം.51) | തൈക്കാട്ടുശ്ശേരി (നം.40) | അരൂക്കുറ്റി (നം.73) | പെരുമ്പളം (നം.73) | ചേന്നം പള്ളിപ്പുറം (നം.73) |
| 1 | ഫ്ലോർ കളേഡ് റബ്ബർ മാറ്റ് | 350 | 350 എണ്ണം | 122500 | 250Sqft | 250Sqft | 250Sqft | ഇല്ല | ഇല്ല |
| 2 | വിൻഡോ ബ്ലിൻഡ്സ് | 1625 | 20 യൂണിറ്റ് | 32500 | 4 | 4 | 4 | 4 | 4 |
| 3 | വാട്ടർ പ്യൂരിഫയർ (അക്വാഗാർഡ്) | 19900 | 5എണ്ണം | 99500 | 1 | 1 | 1 | 1 | 1 |
| 4 | ഓഫീസ് ടേബിൾ | 6000 | 5 എണ്ണം | 30000 | 1 | 1 | 1 | 1 | 1 |
| 5 | ഓഫീസ് ചെയർ | 3900 | 5 എണ്ണം | 19500 | 1 | 1 | 1 | 1 | 1 |
| 6 | ബെഞ്ച് & ഡെസ്ക് | 8900 | 20ജോഡി | 178000 | 4 | 4 | 4 | 4 | 4 |
| 7 | ക്ലാസ്റൂം റൈറ്റിഗ് ബോർഡ് | 1750 | 5 എണ്ണം | 8750 | 1 | 1 | 1 | 1 | 1 |
| 8 | ക്ലാസ്റൂം നോട്ടീസ് ബോർഡ് | 1750 | 5 എണ്ണം | 8750 | 1 | 1 | 1 | 1 | 1 |
| 9 | പോർട്ടബിൾ ആംപ്ലിഫയർ | 20000 | 5 എണ്ണം | 100000 | 1 | 1 | 1 | 1 | 1 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 10 | ഭിത്തി പെയിന്റിംങ് & ഡ്രോവിംഗ് | 24000 | 5 യൂണിറ്റ് | 120000 | 1 | 1 | 1 | 1 | 1 |
| 11 | ടോയ് ഷെൽഫ് | 6800 | 5 എണ്ണം | 34000 | 1 | 1 | 1 | 1 | 1 |
| 12 | വിവിധ ടോയ്സ് | 20000 | 5 യൂണിറ്റ് | 100000 | 1 | 1 | 1 | 1 | 1 |
| | ആകെ | | | 853500 | | | | | |

മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള സാധനങ്ങൾ വിതരണം ചെയ്തതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

**1. <u>ഫ്ലോർ കളേഡ് റബ്ബർ മാറ്റ് സ്ഥാപിച്ചതിൽ കുറവ്</u>**

ഇൻവോയ്സ് നം.RJE02178/23-24/28.11.23 -372000/- പ്രകാരം Colourful Playmat (Floor Coloured Rubbermat-set Of 4 Pcs)-88 എണ്ണം വാങ്ങിയിട്ടുണ്ട്. ഒരു പാക്കറ്റിൽ 4 എണ്ണം വീതം ഉള്ളതായാണ് ബില്ലിലും GeM സ്റ്റേറ്റ്മെന്റിലും കാണിച്ചിട്ടുള്ളത്. ആകെ 88x4=352 എണ്ണം. ഒരെണ്ണം 4 Sqft(2'x2') വലുപ്പമുള്ളതാണ്. GeM സ്റ്റേറ്റ്മെന്റും ഇൻവോയ്സും പ്രകാരം ഒരെണ്ണത്തിന് 350/- രൂപ നിരക്കിൽ 350 എണ്ണമാണ് വാങ്ങിയിട്ടുള്ളത്.

സി.ഡി.പി.ഒ. ഹാജരാക്കിയിട്ടുള്ള വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം 250Sqft. വീതം മൂന്ന് അങ്കണവാടികൾക്കാണ് വിതരണം നടത്തിയിട്ടുള്ളത്. രണ്ട് അങ്കണവാടികൾക്ക് മാറ്റ് ആവശ്യമില്ല എന്നറിയിച്ചതിനാൽ നല്കിയിട്ടില്ല. എന്നാൽ 350 മാറ്റുകൾക്ക് ഏകദേശം 1400Sqft. വിസ്തൃതി വരുന്നതാണ്. വിതരണരേഖപ്രകാരവും ആകെ 750Sqft. മാത്രമാണ് നല്കിയിട്ടുള്ളത്.

ഇതു സംബന്ധിച്ച് 14.06.2024, 15.06.2024 തീയതികളിൽ ഓഡിറ്റിൽ നിന്നും ഫ്ലോർമാറ്റ് സ്ഥാപിച്ച പാണാവള്ളി, തൈക്കാട്ടുശ്ശേരി, അരൂക്കുറ്റി ഗ്രാമപഞ്ചായത്തുകളിലെ അങ്കണവാടികളിൽ നടത്തിയ ഭൗതിക പരിശോധനയിൽ എല്ലാ അങ്കണവാടികളിലും ക്ലാസ് പ്രവർത്തിക്കുന്ന ഒരു റൂമിൽ മാത്രം താഴെ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള അളവിൽ ഫ്ലോർമാറ്റ് വിരിച്ചിട്ടുള്ളതായും വിൻഡോ ബ്ലിൻഡ് സ്ഥാപിച്ചിട്ടുള്ളതായുമാണ് ബോധ്യപ്പെട്ടത്. ഭൌതികപരിശോധനയിൽ കാണപ്പെട്ട സാധനങ്ങളുടെ ലിസ്റ്റ് അങ്കണവാടി വർക്കർമാരും ബന്ധപ്പെട്ട ഐ.സി.ഡി.എസ്.സൂപ്പർവൈസർമാരും സാക്ഷ്യപ്പെടുത്തി നല്കിയിട്ടുള്ളതാണ്. വിരിച്ചതിനുശേഷമുള്ള ഫ്ലോർ കളേഡ് റബ്ബർ മാറ്റ് തിരികെ കൊണ്ടുപോയതായാണ് അങ്കണവാടി ജീവനക്കാർ അറിയിച്ചത്.

| ഇനം | പാണാവള്ളി (നം.51) | തൈക്കാട്ടുശ്ശേരി (നം.40) | അരൂക്കുറ്റി (നം.73) | ആകെ |
|---|---|---|---|---|
| ഫ്ലോർ കളേഡ് റബ്ബർ മാറ്റ് | 54എണ്ണം | 50 എണ്ണം | 48 എണ്ണം | 152 |

എന്നാൽ പാണാവള്ളി ഗ്രാമപഞ്ചായത്തിലെ അങ്കണവാടിയിൽ 2 പാക്കറ്റ് (8എണ്ണം) ഫ്ലോർ കളേഡ് റബ്ബർ മാറ്റ് സ്റ്റോക്ക് ഉള്ളതായി സി.ഡി.പി.ഒ. പിന്നീട് നേരിൽ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (10/15.06.24) മറുപടി ലഭ്യമാക്കിയില്ല.

മേൽ സൂചിപ്പിച്ച പ്രകാരം വാങ്ങിയതിൽ വിതരണം ചെയ്തതിൽ കുറവുവന്ന 190 (350-160(152+8)) ഫ്ലോർ കളേഡ് റബ്ബർ മാറ്റിന്റെ വിലയായ 66500/-(350x190) രൂപ നഷ്ടമായതായി കണക്കാക്കുന്നു.

**2. <u>വിൻഡോ ബ്ലിൻഡ്സ് സ്ഥാപിച്ചിട്ടുള്ളതിൽ കുറവ്</u>**

| ഇനം | പാണാവള്ളി (നം.51) | തൈക്കാട്ടുശ്ശേരി (നം.40) | അരൂക്കുറ്റി (നം.73) | ആകെ |
|---|---|---|---|---|
| വിൻഡോ ബ്ലിൻഡ്സ് | 3 | 3 | 4 | 10 |

ഇൻവോയ്സ് പ്രകാരവും വിതരണരേഖകൾ പ്രകാരവും വിൻഡോ ബ്ലിൻഡ്സ് 5 അങ്കണവാടികൾക്ക് 4 എണ്ണം വീതം വിതരണം നടത്തിയതായാണുള്ളതെങ്കിലും 3അംഗനവാടികളിൽ നടത്തിയ ഭൌതികപരിശോധനയിൽ മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ളവിധം ആകെ 10 എണ്ണം മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. അതിൽ ഒരെണ്ണം മാത്രം 3 പാളി ജനലിനും മറ്റ് 9 എണ്ണവും 2 പാളി ജനലുകൾക്കാണ്. GeM സ്റ്റേറ്റ്മെന്റ്, ഇൻവോയ്സ് എന്നിവയിൽ വിൻഡോ ബ്ലിൻഡ്സിന്റെ വിസ്തീർണ്ണം/സൈസ് സൂചിപ്പിച്ചിട്ടില്ല. വിതരണം ചെയ്തതിൽ കുറവുവന്ന 2 വിൻഡോ ബ്ലിൻഡ്സന്റെ വിലയായ 3250/-(1625x2) രൂപയും നഷ്ടമായതായി കാണുന്നു.

ആയതിനാൽ മേൽ സൂചിപ്പിച്ച പ്രകാരം 190 (350-160(152+8)) ഫ്ലോർ കളേഡ് റബ്ബർ മാറ്റിന്റെ വിലയായ 66,500/-(350x190) രൂപയും 2 വിൻഡോ ബ്ലിൻഡ്സന്റെ വിലയായ 3,250/-(1625x2) രൂപയുമുൾപ്പെടെ ആകെ 69,750/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**3. <u>അങ്കണവാടികളിൽ നടത്തിയ ഭൌതികപരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ</u>**

I) തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിലെ അംഗനവാടിയിൽ വാട്ടർ പ്യൂരിഫയർ ഇൻസ്റ്റലേഷൻ നടത്തിയിട്ടില്ല.

II) വാങ്ങിയ നോട്ടീസ് ബോർഡ് വയ്ക്കാൻ സ്ഥലമില്ലാത്തതിനാൽ ഒരു അങ്കണവാടിയിൽ സ്ഥാപിച്ചിട്ടില്ല. സ്ഥാപിച്ച ഒരു അങ്കണവാടിയിൽ സ്ഥലമില്ലാത്തതിനാൽ ജനൽ മറച്ച് സ്ഥാപിച്ചിരിക്കുന്നു.

III) കേവലം 3 സെന്റ് സ്ഥലം മാത്രമുള്ള മേൽ അങ്കണവാടികളിൽ ക്ലാസ് മുറിയായി ആകെ എകദേശം 200 ചതുരശ്ര അടി സ്ഥലം മാത്രമാണുള്ളത്. ഇവിടെ ഡസ്ക്, ബഞ്ച്, ടീച്ചേഴ്സ് ടേബിൾ & ചെയർ, ആംപ്ലിഫയർ, ബുക്ക് ഷെൽഫ് തുടങ്ങി വാങ്ങിയിട്ടുള്ള ഉപകരണങ്ങളും നിലവിലുണ്ടായിരുന്ന ഉപകരണങ്ങളും ഇട്ടിട്ടുള്ളതിനാൽ കളിയുപകരണങ്ങൾ വയ്ക്കാൻ സ്ഥലമില്ലാത്തതിനാൽ ബർത്തിലും സ്റ്റോർമുറിയിലുമായി കൂട്ടിയിട്ടിരിക്കുന്നു. സ്ഥലമില്ലാത്തതിനാൽ ഡസ്ക്, ബെഞ്ച് എന്നിവ ഉപയോഗിക്കാൻ പറ്റാത്തരീതിയിൽ അടുക്കിവച്ചിരിക്കുന്നു. പല ഉപകരണങ്ങളുടെയും പായ്ക്കിംഗ് കവർപോലും മാറ്റിയിട്ടില്ല. ക്ലാസ് മുറി കൂടാതെ ഒരു അടുക്കളയും വളരെ ചെറിയ ഒരു സ്റ്റോർ റൂമും മാത്രമാണുള്ളത്. മുറ്റത്തും വളരെ പരിമിതമായ സ്ഥലമാണുള്ളത്.

IV) വളരെ സ്ഥലപരിമിതിയുള്ള ഈ അങ്കണവാടികളിൽ വാങ്ങിയിട്ടുള്ള പോർട്ടബിൾ ആംപ്ലിഫയർ ഉപയോഗിച്ച് ഒരു പരിപാടി പോലും നടത്തുവാൻ സാധിക്കില്ല.

V) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളും മേൽ അങ്കണവാടികൾക്കുതന്നെ വിവിധ പദ്ധതികളിലായി പല സാധനങ്ങളും കളിയുപകരണങ്ങളും വാങ്ങി നല്കിവരുന്നു. 2024-25 വർഷവും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ അങ്കണവാടികൾക്കായി ഇതുപോലത്തെ പദ്ധതികൾ രൂപീകരിച്ചിട്ടുള്ളതായാണ് മനസ്സിലാക്കുന്നത്.

ആവശ്യകത നിർണ്ണയിക്കാതെയും പരിശോധന നടത്താതെയുമാണ് ഇത്രയും വലിയ തുകയ്ക്കുള്ള പദ്ധതി നടപ്പിലാക്കിയതെന്നും സാധനങ്ങൾ വിതരണം ചെയ്തത് പരിശോധിക്കാതെ തുക അനുവദിക്കുകയാണ് ചെയ്തതെന്നും മേൽ അപാകതകളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുമായുള്ള ഏകോപനമില്ലായ്മ ഈ പദ്ധതിയുടെ പ്രധാന പോരായ്മയായി കാണാം. ഉപയോഗിക്കാൻ സാധിക്കാത്ത കളിയുപകരണങ്ങളും സാധനങ്ങളും അവ ആവശ്യമായ മറ്റ് അങ്കണവാടികൾക്ക് നല്കുന്നതും പോർട്ടബിൾ ആംപ്ലിഫയർ ഉപകാരപ്രദമായ മറ്റ് സ്ഥാപനങ്ങൾക്ക്

നല്കുന്നതും പരിഗണിക്കാവുന്നതാണ്.

**1-11 റോഡിന്റെ ഭാഗമല്ലാതെ വരുന്ന തോടിന്റെ സൈഡ് കല്ലുകെട്ടുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് MoRD സ്പെസിഫിക്കേഷനിൽ**

| | |
|---|---|
| പ്രവൃത്തിയുടെ പേര് | തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് - വാർഡ് 10- കൊക്കരയാൽ തോടിന്റെ പാർശ്വ സംരക്ഷണം കല്ലുകെട്ടി സൈഡ് പ്രൊട്ടക്ഷൻ |
| പ്രോജക്ട് നമ്പർ | S0050/14 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ, LID&EW |
| കരാറുകാരൻ | വരദകുമാർ |
| അളവു പുസ്തകം | E Mbook 33794/2023 |
| ചെലവു വിവരം | ബിൽ നം. 350/2303-24 രൂപ 5,00,000/-<br>തനത് ഫണ്ട് 102150/- |

റോഡിന്റെ ഭാഗമല്ലാതെ വരുന്ന തോടിന്റെ സൈഡ് കല്ലുകെട്ടുന്നതിന് MoRD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് അധികച്ചെലവിനിടയാക്കുന്നു. തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് വാർഡ് 10ൽ കൊക്കരയാൻ തോടിന് സൈഡ് കെട്ടി സംരക്ഷണം എന്ന പ്രവൃത്തി ചെയ്യുന്നതിന് MoRD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി ടെണ്ടർ ചെയ്താണ് നടപ്പാക്കിയിരിക്കുന്നത്. സൈറ്റ് പ്ലാൻ പരിശോധിച്ചതിൽ റോഡിന്റെ ഭാഗമല്ലാതെ വരുന്ന തോടിന്റെ സൈഡ് കെട്ടുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ത.സ്വ.ഭ.വ. ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് എഞ്ചിനീയറിംഗ് വിംഗ് ചീഫ് എഞ്ചിനീയറുടെ 26.03.21 ലെ സർക്കുലർ (നം. ഡിബി1/10690/2020/സി.ഇ./എൽ.ഐ.ഡി & ഇ ഡബ്ല്യു) പ്രകാരം റോഡു പ്രവൃത്തികൾക്കും റോഡുമായി ബന്ധപ്പെട്ടു വരുന്ന ഡ്രെയിൻ, കൾവെർട്ട്, സൈഡ് പ്രൊട്ടക്ഷൻ മുതലായ അനുബന്ധ പ്രവൃത്തികൾക്കും MoRD സ്പെസിഫിക്കേഷനും കെട്ടിടങ്ങൾക്കും അനുബന്ധ പ്രവൃത്തികൾക്കും CPWD സ്പെസിഫിക്കേഷനും ഉപയോഗിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ആലപ്പുഴ ജില്ലയിൽ റോഡുവർക്കുമായി ബന്ധപ്പെട്ട് നൽകിയ നിർദ്ദേശമനുസരിച്ച്, റോഡുമായി ബന്ധപ്പെട്ടു വരുന്ന സൈഡ് പ്രൊട്ടക്ഷന് മാത്രമാണ് MoRD സ്പെസിഫിക്കേഷൻ ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. അതിനാൽ തോടിന്റെ സൈഡ് വാൾ നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നത് CPWD സ്പെസിഫിക്കേഷനിലാണ്. എന്നാൽ MoRD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടപ്പിലാക്കിയിരിക്കുന്നത് അധികച്ചെലവിനിടയാക്കുന്നു.

ടി പ്രവൃത്തിയിലെ പ്രധാന ഇനങ്ങളിൽ മാത്രം വരുന്ന അധികനിരക്കിന്റെ വിവരം ചുവടെ കൊടുക്കുന്നു.

(DSR 2018 കോസ്റ്റ് ഇൻഡക്സ് 41.53 %)

| ഇനം | MoRD സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്ക് | കരാറുകാരൻ കോട്ട് ചെയ്ത നിരക്കും അനുവദിച്ച | CPWD സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്ക് |
|---|---|---|---|

| | | | |
|---|---|---|---|
| | | തുകയും | |
| DR മേസണറി | 6173.15/M³ (കോഡ് 75.7.1) | 5550/m³ | 3644.43/m³ (കോഡ് 60.7.1) |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/15.06.24) ത.സ്വ.ഭ.വ. ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് എഞ്ചിനീയറിംഗ് വിംഗ് ചീഫ് എഞ്ചിനീയറുടെ 26.03.21 ലെ സർക്കുലർ (നം. ഡിബി1/10690/2020/സി.ഇ./എൽ.ഐ.ഡി & ഇ ഡബ്ല്യൂ) പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതെന്നാണ് മറുപടി നൽകിയിരിക്കുന്നത്. ടി സർക്കുലറിൽ റോഡുമായി ബന്ധപ്പെട്ടു വരുന്ന സൈഡ് പ്രൊട്ടക്ഷന് മാത്രമാണ് MoRD സ്പെസിഫിക്കേഷൻ ഉപയോഗിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. അതിനാൽ റോഡിന്റെ ഭാഗമല്ലാതെ വരുന്ന തോടിന്റെ സൈഡ് കല്ലുകെട്ടുന്നതിന് CPWD സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും അധികച്ചെലവ് ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-12 റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ (RRF)

MCF -ൽ സമാഹരിക്കപ്പെടുന്ന മാലിന്യം തരം തിരിച്ച് പുന:ചംക്രമണ സാധ്യതയുള്ള വസ്തുക്കൾ പൊടിച്ച് റോഡ് ടാറിഗിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും പൊതുമരാമത്ത് വകുപ്പിനും നൽകുന്നതിനുള്ള മുഖ്യകേന്ദ്രമാണ് റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്റർ.

**എ) വൈദ്യുത ചാർജ്ജിനത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഒടുക്കിയ 64,262/- രൂപയും കരാർ പ്രകാരമുള്ള 50% ലാഭ വിഹിതവും ക്ലീൻ കേരള കമ്പനിയിൽ നിന്നും ലഭ്യമായില്ല**

RRF സെന്റർ പ്രാവർത്തികമാക്കുന്നതിന് തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തും ക്ലീൻ കേരള കമ്പനിയുമായി 2021 നവംബർ ഒന്നാം തീയതി വെച്ച കരാർ പ്രകാരം കെട്ടിട സൗകര്യം, വൈദ്യുതി, വെള്ളം എന്നിവ ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയിട്ടുണ്ട്. കരാർ പ്രകരം ക്ലീൻ കേരള കമ്പനിയാണ് വൈദ്യുതി, വെള്ളം എന്നിവയുടെ ചാർജ്ജ് അടയ്ക്കേണ്ടത് [കരാർ വ്യവസ്ഥ നം 3(5)]. ക്ലീൻ കേരള കമ്പനി കൃത്യ സമയത്ത് വൈദ്യുതി ചാർജ്ജ് അടക്കാത്ത സാഹചര്യത്തിൽ RRF ന്റെ പ്രവർത്തനം നിലക്കാതിരിക്കുന്നതിനായി 2021 നവംബർ മാസം മുതൽ 2022 സെപ്റ്റംബർ മാസം വരെയുള്ള വൈദ്യുത ചാർജ്ജ് 64,262/- രൂപ (31.10.22-ലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ഡി 2537/21 നമ്പർ കത്തിൽ സൂചിപ്പിച്ചിരിക്കുന്ന തുക) ബ്ലോക്ക് പഞ്ചായത്ത് അടവാക്കിയിട്ടുണ്ട്. ടി തുകയും കരാർ പ്രാകരമുള്ള 50%ലാഭ വിഹിതവും[കരാർ വ്യവസ്ഥ നം. 3(11)]ക്ലീൻ കേരള കമ്പിനിയിൽ നിന്നും ലഭ്യമാക്കുന്നതിന് നിരവധി തവണ കത്തിടപാട് നടത്തിയെങ്കിലും നാളിതുവരെ ലഭ്യമായിട്ടില്ലെന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/15.06.24) മറുപടി നൽകിയിട്ടുണ്ട്. തുക ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതാണ്.

**ബി) RRF സെന്റർ നിലവിൽ പ്രവർത്തിക്കുന്നില്ല**

2022 ഒക്ടോബർ വരെ മാത്രമാണ് ക്ലീൻ കേരള കമ്പിനി റിസോഴ്സ് റിക്കവറി ഫെസിലിറ്റി സെന്ററിന്റെ പ്രവർത്തനം നടത്തിയിട്ടുള്ളത്. തുടർന്ന് ബ്ലോക്ക് പഞ്ചായത്തിന്റെ 09.01.24 ലെ 2(8) നമ്പർ തീരുമാന പ്രകാരം സെന്ററിന്റെ പ്രവർത്തനം ഏറ്റെടുത്ത് നടത്തുന്നതിന് പാണാവള്ളി ഗ്രമപഞ്ചായത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2023-24 വർഷം 12 ലക്ഷം രൂപ ചെലവഴിച്ച് അധിക സൗകര്യം ഒരുക്കി നൽകിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തീയതിയിലും പ്രാവർത്തികമായിട്ടില്ല. RRF സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 നിർദ്ദിഷ്ട സമയത്തിനുള്ളിൽ കരാർ വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ LID & EW നിർവ്വഹണം ചെയ്ത താഴെപ്പറയുന്ന പ്രവൃത്തികൾക്ക് സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിർദ്ദിഷ്ട സമയത്തിനുള്ളിൽ കരാർ വയ്ക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2009-6 പ്രകാരം അറിയിപ്പ് രജിസ്റ്റർ ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണ്. നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കണമെന്നും കരാർ വയ്ക്കാത്ത പക്ഷം കരാർ തുകയുടെ 1% പിഴ കൂടി ഒടുക്കണമെന്ന നിബന്ധനയിൽ കരാർ വെക്കുന്നതിന് 10 ദിവസത്തേക്കു കൂടി സാവകാശം ലഭിക്കുന്നതാണെന്നും നോട്ടീസിൽ അറിയിച്ചിട്ടുണ്ട്. ഇതനുസരിച്ച് സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാതിരുന്നവരിൽ നിന്നും കരാർ തുകയുടെ 1% ഫൈൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്നു. എന്നാൽ യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാരനിൽ നിന്നും അപ്രകാരം ഫൈൻ ഈടാക്കിയില്ല. വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പാണാവള്ളി ഗ്രാമപഞ്ചായത്ത് വാർഡ് -8 വടയനാട് റോഡിൽ അരിക്കാരൻ വെളി ഭാഗത്ത് വെള്ളക്കെട്ട് ഒഴിവാക്കാൻ പൈപ്പ് കാന കവർസ്ലാബ് |
| പ്രോജക്ട് നമ്പർ | S0122/24 |
| കരാറുകാരൻ | സുനിൽ കുമാർ |
| ചെലവു വിവരം | ബിൽ നം - 397/25.03.24 രൂപ 3,92,375/- |
| സെലക്ഷൻ നോട്ടീസ്/ തീയതി | 21.09.23 |
| നോട്ടീസ് അയച്ച തീയതി | 21.09.23 |
| നോട്ടീസ് പ്രകാരം കരാർ വെക്കേണ്ട തീയതി | 04.10.23 |
| കരാർ വെച്ച തീയതി | 12.10.23 |
| കരാർ നമ്പർ/തീയതി | 09/AE/LSGD/TSYBP/12.10.23 |
| എഗ്രീഡ് PAC | 549845 |
| ഈടാക്കേണ്ടുന്ന ഫൈൻ (1%) | 5499 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/15.06.24) ഫൈനൽ ബില്ലിൽ നിന്നും തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞിരിക്കുന്ന പ്രവൃത്തിയിൽ ഫൈൻ ഇനത്തിൽ 5,499/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-14 ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- വിതരണ രേഖയില്ല - തുക തടസ്സപ്പെടുത്തുന്നു**

പ്രോജക്ട് നം.S0019/23-24
ചെലവ് – 17,93,744/-
അടങ്കൽ – 19,56,500/- (വികസനഫണ്ട് – പൊതുവിഭാഗം)

'ശാരീരിക മാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- ബ്ലോക്ക് വിഹിതം' എന്ന പദ്ധതിയിലുൾപ്പെടുത്തി 492000/- രൂപ (ട്രഷറി ബിൽ Sanction Order No.109/26.8.23) പ്രകാരം ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ, പാണാവള്ളി ഗ്രാമപഞ്ചായത്തിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നല്കിയിട്ടുണ്ട്. എന്നാൽ ടി തുക വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് ഹാജരാക്കിയ പാണാവള്ളി ഗ്രാമപഞ്ചായത്തിന്റെ ട്രഷറി ബിൽ പകർപ്പ് (ട്രഷറി ബിൽ നം.4917777/24.8.23) പ്രകാരം 4,92,000/- രൂപ എന്ന് ട്രഷറി ബില്ലിന്റെ മുൻഭാഗത്ത് കാണിച്ചിട്ടുണ്ടെങ്കിലും അതോടൊപ്പമുള്ള വിതരണ വിവര പ്രകാരം 80 ഗുണഭോക്താക്കൾക്കായി ആകെ 4,86,000/- രൂപ (6000x79+12000x1) മാത്രമാണ് നല്കിയിട്ടുള്ളത്. ബാക്കി 6,000/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/15.06.24) മറുപടി രേഖാമൂലം ലഭ്യമാക്കിയില്ല. ഈ തുക പിന്നീട് നല്കിയിട്ടുണ്ടെന്നാണ് സി.ഡി.പി.ഒ. വാക്കാൽ മറുപടി നല്കിയത്. ആവശ്യമായ വിതരണ രേഖകൾ ഹാജരാക്കാത്തതിനാൽ 6,000/- (492000-486000) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-15 മുൻകൂർ തുക കൈപ്പറ്റിയിട്ടും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല**

I. താഴെപ്പറയുന്ന എസ്.സി./എസ്.ടി. ഗുണഭോക്താക്കൾക്ക് 2022-23 സാമ്പത്തികവർഷം വിവിധ പ്രോജക്ടുകളിലായി പഠനമുറി നിർമ്മാണത്തിനായി അദ്യഗഡുക്കൾ അനുവദിക്കുകയും തുടർന്ന് 2023-24 സാമ്പത്തിക വർഷം രണ്ടും മൂന്നും ഗഡു തുകകൾ നല്കിയെങ്കിലും നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നം.S0056/22-23, പ്രോജക്ട് നം.S0063/23-24 എന്നിവയിൽ (എസ്.സി.) ഉൾപ്പെടുത്തി തുക നല്കിയവരിൽ നിർമ്മാണം പൂർത്തീകരിക്കാത്തവർ

| | ഗുണഭോക്താക്കൾ | പ്രോജക്ട് നം.S0056/22-23 (ട്രഷറി ബിൽ നം.) | പ്രോജക്ട് നം.S0063/23-24 (ട്രഷറി ബിൽ നം.) |
|---|---|---|---|
| 1 | പഞ്ചമി കെ.എ. | 50000/-(30/29.3.23) | 75000/-(15/10.11.23) |
| 2 | അലൻ മണിക്കുട്ടൻ | 50000/-(34/29.3.23) | 75000/-(15/10.11.23) |
| 3 | അൻസിൽ എം.എ. | 50000/-(30/29.3.23) | 75000/-(14/10.11.23) |
| 4 | അശ്വജിത്ത് എ.എസ്. | 50000/-(30/29.3.23) | 75000/-(14/10.11.23) |
| 5 | വിവേക് കെ. | 50000/-(30/29.3.23) | 75000/-(16/8.11.23) |
| 6 | വിവേക് ബി. | 50000/-(34/29.3.23) | 75000/-(10/4.7.23) |
| 7 | ശ്രീനന്ദന പി. | 50000/-(30/29.3.23) | 75000/-(2/26.5.23) |
| | ആകെ | 350000/- | 525000/- |

2). പ്രോജക്ട് നം.S0132/22-23, പ്രോജക്ട് നം.S0077/23-24 എന്നിവയിൽ (എസ്.ടി.) ഉൾപ്പെടുത്തി തുക നല്കിയവരിൽ നിർമ്മാണം പൂർത്തീകരിക്കാത്തവർ

| | ഗുണഭോക്താക്കൾ | പ്രോജക്ട് നം.S0132/22-23 | പ്രോജക്ട് നം.S0077/23-24 (ട്രഷറി ബിൽ നം.) |
|---|---|---|---|
| 1 | ബിനുമോൻ | 50000/- | 50000(7/23.6.23)<br>25000(8/18.1.24)<br>75000/- |
| | ആകെ | 50000/- | 75000/- |

3. പ്രോജക്ട് നം. 120/23-24(സ്പിൽ ഓവർ) പദ്ധതിയിൽ (എസ്.സി.) ഉൾപ്പെടുത്തി തുക നല്കിയവരിൽ നിർമ്മാണം പൂർത്തീകരിക്കാത്തവർ

| | ഗുണഭോക്താക്കൾ | പ്രോജക്ട് നം.S0120/23-24 |
|---|---|---|
| 1 | ഗൌരി നന്ദന | 30000(17/18.11.23)<br>60000(21/19.12.23)<br>80000(25/10.1.24)<br>170000/- |
| 2 | ശിവാനി ഗിരീഷ് | 30000/-(29/18.1.24) |
| 3 | ആകാശ് എം. | 30000/-(29/18.1.24) |
| | ആകെ | 230000/- |

4. പ്രോജക്ട് നം.S0206/22-23, പ്രോജക്ട് നം.S0063/23-24 എന്നിവയിൽ (എസ്.ടി.) ഉൾപ്പെടുത്തി തുക നല്കിയവരിൽ നിർമ്മാണം പൂർത്തീകരിക്കാത്തവർ

| | ഗുണഭോക്താക്കൾ | പ്രോജക്ട് നം. S0056/22-23 | പ്രോജക്ട് നം. S0063/23-24 (ട്രഷറി ബിൽ നം.) |
|---|---|---|---|
| 1 | ബിനേഷ് ബി. | 50000/- | 50000(7/23-24)<br>25000(8/23-24)<br>75000/- |
| | ആകെ | 50000/- | 75000/- |

മേൽപ്പറഞ്ഞ ഗുണഭോക്താക്കൾക്കുപുറമെ 2023-24 വർഷം പുതുതായി ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളാരുംതന്നെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

II. 2023-24 സാമ്പത്തികവർഷം പുതിയ അംഗീകൃത ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കാതെ 2022-23 സാമ്പത്തിക വർഷത്തെ ഗുണഭോക്തൃലിസ്റ്റിൽ നിന്നും മേൽ ഗുണഭോക്താക്കൾക്ക് തുടർ ഗഡുക്കൾ നല്കുകയും പുതിയ ഗുണഭോക്താക്കൾക്ക് ആദ്യഗഡു നല്കുകയും ചെയ്തിരിക്കുന്നു.

III. സബ്സിഡി മാർഗ്ഗനിർദ്ദേശം പ്രകാരം 12-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾക്കാണ് പഠനമുറി നല്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതെങ്കിലും ബിരുദ വിദ്യാർത്ഥികൾക്കും ആനുകൂല്യം നല്കിയതായി കാണുന്നു. 2022-23 വർഷം ആനുകൂല്യം നല്കിയിട്ടുള്ള വിദ്യാർത്ഥികളിൽ പലരും കോഴ്സുകളുടെ രണ്ടാംവർഷവും മൂന്നാംവർഷവും പഠിച്ചുകൊണ്ടിരുന്നവരായിരുന്നു. ഈ വിദ്യാർത്ഥികളിൽ പലരുടെയും കോഴ്സ് കാലാവധി കഴിഞ്ഞിട്ടുണ്ടെങ്കിലും പഠനമുറി നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാത്തതുമൂലം പദ്ധതിയുടെ ഉദ്ദേശലക്ഷ്യം നേടുന്നില്ല.

ഗ്രാമസഭ/ഊരുകൂട്ടം അംഗീകരിച്ച പുതിയ ഗുണഭോക്തൃലിസ്റ്റ് ലഭ്യമാക്കാതെ 2022-23 ലെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് 2023-24 വർഷത്തെ പുതിയ പ്രോജക്ടിൽ നിന്നും

ആനുകൂല്യം നല്കിയത് സംബന്ധിച്ചും 2022-23 വർഷവും 2023-24 വർഷവും തുടർഗഡുക്കൾ അനുവദിച്ചിട്ടും നിർമ്മാണം പൂർത്തീകരിക്കാത്തതു സംബന്ധിച്ചും നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/14.6.24) മുൻവർഷങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ തൻവർഷം നിർമ്മാണം പൂർത്തീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ടെന്നും ഗുണഭോക്തൃലിസ്റ്റ് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമാക്കാതിരുന്നതിനാലാണ് പഴയ ലിസ്റ്റിൽ നിന്നുള്ള ഗുണഭോക്താക്കൾക്ക് പുതിയ പദ്ധതിയിൽ ഉൾപ്പെടുത്തി തുക നല്കിയതെന്ന് പട്ടികജാതി വികസന ഓഫീസർ മറുപടി നല്കി. ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ തുടർ ഗഡുക്കൾ ലാപ്സാകാതിരിക്കുന്നതിനാണ് മറ്റു പുതിയ ഗുണഭോക്താക്കൾക്ക് പ്രോജക്ടിൽ അവശേഷിച്ചിരുന്ന തുക നല്കിയതെന്നും നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തീകരിച്ചതിനെത്തുടർന്നാണ് ആദ്യ ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് പുതിയ പ്രോജക്ടിൽ നിന്നും തുടർഗഡുക്കൾ അനുവദിക്കുകയും ചെയ്തതെന്നാണ് വിശദീകരണം ലഭ്യമാക്കിയത്.

ഗുണഭോക്താക്കൾ സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കുന്നതിനുവേണ്ട മേൽ നടപടികൾ സ്വീകരിക്കേണ്ടതും നിർമ്മാണം പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്. മുൻവർഷങ്ങളിൽ ആനുകൂല്യം കൈപ്പറ്റിയവരിൽ തൻവർഷവും നിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് പട്ടികജാതി വികസന ഓഫീസറെ ചുമതലപ്പെടുത്തുന്നു.

## 1-16 ഇൻഫർമേഷൻ കേരള മിഷനുള്ള വെബ് വരിസംഖ്യ - വിനിയോഗ വിവരം ലഭ്യമല്ല

സെക്രട്ടറി നിർവഹണം നടത്തിയ ഇൻഫർമേഷൻ കേരള മിഷനുള്ള വെബ് വരിസംഖ്യ – 2023-24 (പ്രോജക്ട് നം. – S0003/24) എന്ന പ്രോജക്ട് പ്രകാരം താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ഫണ്ടിനം | വകയിരുത്തൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 31000 | 31000 (ബിൽ നം.11/23-24 തീയതി 05.09.23) |

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷന്റെ നന്തൻകോടുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ 57047023512 നം. അക്കൗണ്ടിൽ 31,000/- രൂപ നൽകി. എന്നാൽ തുകയുടെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.2, തീയതി 14.06.2024) ലഭ്യമാക്കിയ മറുപടിയിൽ, വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതിന് കത്ത് നല്കിയിട്ടുണ്ടെന്നും രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആകയാൽ, വിനിയോഗ രേഖകൾ ലഭ്യമാക്കുന്നത് വരെ 31,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-17 ചെലവ് രേഖകൾ ഹാജരാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ, ഫാമിലി ഹെൽത്ത് സെന്റർ, പെരുമ്പളം നിർവ്വഹണം നടത്തിയ പെരുമ്പളം ഫാമിലി ഹെൽത്ത് സെന്റർ - അനിവാര്യ ചുമതലകൾ (പ്രോജക്ട് നം.S0084/2024) എന്ന പ്രോജക്ട് പ്രകാരം 2,00,725/-രൂപ ചെലവഴിച്ചിട്ടുണ്ട്. (BRN- 23060763011801221058, തീയതി 15.02.2024). പരിശോധനയ്ക്കായി ഹാജരാക്കിയ ഫയലിൽ ട്രഷറി ബിൽ മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. ചെലവ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.6/14.06.2024) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ, 200725/-രൂപയുടെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 ലൈഫ് ഭവന പദ്ധതി

2023-24 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതികളുടെ പ്രോജക്ട് ഫയലുകൾ, രജിസ്റ്ററുകൾ, ബില്ലുകൾ എന്നിവ പരിശോധിച്ചതിൽ, തുക കൈപ്പറ്റിയ ചില ഗുണഭോക്താക്കൾ പ്രവൃത്തി ആരംഭിക്കാത്തതായും, ചിലർ പ്രവൃത്തി പൂർത്തീകരിക്കാത്തതായും കണ്ടു. നാളിതുവരെ തുക കൈപ്പറ്റി, പ്രവൃത്തി ആരംഭിക്കാത്തതും പൂർത്തീകരിക്കാത്തതുമായ ഗുണഭോക്താക്കൾക്ക് തുക നൽകിയതിന്റെ വിശദ വിവരം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/14.06.24) ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ വീട് നിർമ്മാണ പ്രവൃത്തിയുടെ വിവരം ചുവടെ ചേർക്കുന്നു.

പ്രധാൻമന്ത്രി ആവാസ് യോജന പ്രകാരം 213 വീടുകളാണ് അനുവദിച്ചത്. ഇതിൽ 195 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തീകരിക്കാനുള്ള 18 വീടുകളുടെ നിർമ്മാണഘട്ടം താഴെ ചേർക്കുന്നു.

നിർമ്മാണം ആരംഭിക്കാത്തവ - 5

അടിത്തറഘട്ടം - 3

ഉത്തരവിതാനം - 7

മേൽക്കൂര - 3

| ക്രമ നം. | പ്രോജക്ട് നം./പേര്/ഫണ്ട് | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | കൈപ്പറ്റിയ തുക | ബിൽ നം., തീയതി | പ്രവൃത്തിയുടെ നിലവിലെ അവസ്ഥ | പ്രവൃത്തി ആരംഭിക്കാത്തതിന്/ പൂർത്തീകരിക്കാത്തതിന് കാരണം |
|---|---|---|---|---|---|---|
| 1 | 1)പി.എം.എ.വൈ (സെൻട്രൽ ഷെയർ) 2)പ്രോജക്ട് നം.S0096/24 | കവിത ജി.നായർ പൊൻപുറത്ത് പൂച്ചാക്കൽ പി.ഒ. | 1,60,000 | 1)48000/- 93289/11.01.22 2)112000/- 23060763011/ 19.06.23 | അടിത്തറ | ഗുണഭോക്താവിന്റെ താൽപര്യമില്ലായ്മ |
| 2 | S0010/24, പി.എം.എ.വൈ (പട്ടികജാതി വിഭാഗം) | ബിന്ദു വടക്കേകുന്നേൽ വാർഡ്-15 പള്ളിപ്പുറം | 2,58,000 | 23060763011/ 19.06.23 | ഉത്തരവിതാനം പൂർത്തീകരിച്ചു | നിർമ്മാണം നിർത്തി വെച്ചിരിക്കുന്നു |
| 3 | പി.എം.എ.വൈ (സെൻട്രൽ ഷെയർ) | ജാനകി സുകുമാരൻ അടയാട്ട്, വാർഡ്-4 അരൂക്കുറ്റി | 48,000 | 94892/ 05.02.22 | നിർമ്മാണം ആരംഭിച്ചിട്ടില്ല | സ്ഥലം വിൽപ്പന നടത്തി |
| 4 | പി.എം.എ.വൈ (സെൻട്രൽ ഷെയർ) | അനുമോൾ അഞ്ജലി നിവാസ് വാർഡ്-7 പാണാവള്ളി | 48,000 | 93819/ 21.01.22 | നിർമ്മാണം ആരംഭിച്ചിട്ടില്ല | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 5 | 1)പി.എം.എ.വൈ (സെൻട്രൽ ഷെയർ), 2)പ്രോജക്ട് നം.S0010/24, | ജയതാ രമണൻ കൊച്ചുവെളി വാർഡ് -14 | 1,65,000 | 1)48000/-(97757/ 25.03.22) 2)45000/- (177/14.11.23) 3)72000/- | ഉത്തരവിതാനം പൂർത്തീകരിച്ചു | നിർമ്മാണം പുരോഗമിക്കുന്നു |

| | | | | | | |
|---|---|---|---|---|---|---|
| | 3)പ്രോജക്ട് നം.S0106/22 | പാണാവള്ളി | | (Block Share) | | |
| 6 | പി.എം.എ.വൈ (സെൻട്രൽ ഷെയർ) | ഉഷാ ഷാജി ചിലമ്പിശ്ശേരിൽ വാർഡ്-5 പാണാവള്ളി | 46,000 | 93595/17.01.22 | മേൽക്കൂര പൂർത്തീകരിച്ചു | മേൽക്കൂര പൂർത്തീകരിച്ചു |
| 7 | 1)പി.എം.എ.വൈ (സെൻട്രൽ ഷെയർ), 2)പ്രോജക്ട് നം.S0096/23, 3)പി.എം.എ.വൈ (സെൻട്രൽ ഷെയർ), 4)പ്രോജക്ട് നം.S0096/23, 5)പ്രോജക്ട് നം.S0096/23, 6)പ്രോജക്ട് നം.S0010/24 | തുളസി വലിയതറ വാർഡ്-5 പാണാവള്ളി | 2,93,000 | 1)48000/-(94892/ 05.02.22) 2)72000/- (915/13.10.22) 3)48000/-(106780/ 26.11.22) 4)50000/- (33172/09.05.24) (S C Dept Share) 5)30000/- (56033/22.11.23) (S C Dept Share) 6)45000/- (78750/14.11.23) | ഉത്തരവിതാനം പൂർത്തീകരിച്ചു | നിർമ്മാണം പുരോഗമിക്കുന്നു |
| 8 | പി.എം.എ.വൈ (സെൻട്രൽ ഷെയർ) | മൻമഥൻ ചെത്തിപ്പറമ്പ് വാർഡ് -9 പെരുമ്പളം | 48,000 | 95686/ 15.02.22 | നിർമ്മാണം ആരംഭിച്ചിട്ടില്ല | താത്പ്പര്യമില്ല |
| 9 | 1)പി.എം.എ.വൈ (സെൻട്രൽ ഷെയർ) 2)ബ്ളോക്ക് ഷെയർ 3)ജില്ലാ പഞ്ചായത്ത് ഷെയർ 4)എസ്.സി.ഡിപ്പാർട്മെന്റ് ഷെയർ 5)പി.എം.എ.വൈ (സെൻട്രൽ ഷെയർ) | സതീഷ് കേച്ചേരിപറമ്പ് വാർഡ് - 4 പെരുമ്പളം | 3,31,000 | 1)48000/- (94536/01.02.22) 2)72000/- (915/24.06.23) 3)63000/- (915/03.08.23) 4)100000/- (15/22.11.22) 5)48000/- (12.04.23) | നിർമ്മാണം നിർത്തി വെച്ചിരിക്കുന്നു. | ഉത്തരവിതാനം പൂർത്തീകരിച്ചു |
| 10 | 1)പി.എം.എ.വൈ (സെൻട്രൽ ഷെയർ), 2)പ്രോജക്ട് നം.S0096/23, 3)പി.എം.എ.വൈ (സെൻട്രൽ ഷെയർ) | വിജയശ്രീ കല്ലിട്ടുംകടവ് വാർഡ് - 9 പെരുമ്പളം | 1,68,000 | 1)02.03.22 2)02.06.22 3)24.05.23 | ഉത്തരവിതാനം പൂർത്തീകരിച്ചു | നിർമ്മാണം നിർത്തി വെച്ചിരിക്കുന്നു |
| 11 | പി.എം.എ.വൈ (സെൻട്രൽ ഷെയർ) | അംബിക മംഗലപ്പള്ളി വാർഡ് -3 തൈക്കാട്ടുശ്ശേരി | 48,000 | 93819/ 21.01.22 | നിർമ്മാണം ആരംഭിച്ചിട്ടില്ല | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 12 | 1)പി.എം.എ.വൈ (സെൻട്രൽ ഷെയർ) 2)പ്രോജക്ട് നം.S0096/23 | സീത ജോളി തുണ്ടയിൽ വാർഡ് -9 പാണാവള്ളി | 1,20,000 | 1)48000/- 93819/ 21.01.22 2)72000/- 11.10.22 | അടിത്തറ പൂർത്തീകരിച്ചു | നിർമ്മാണം നിർത്തി വെച്ചിരിക്കുന്നു |

| | | | | | | |
|---|---|---|---|---|---|---|
| 13 | 1)പി.എം.എ.വൈ (സെൻട്രൽ ഷെയർ)<br>2)പ്രോജക്റ്റ് നം.S0096/23<br>3)പ്രോജക്റ്റ് നം.S0096/23 | കാർത്ത്യായനി ബ്രാം വീട്ടിൽ വാർഡ് 7 പള്ളിപ്പുറം | 1,65,000 | 1)48000/- 17.01.22<br>2)72000/- 11.10.22<br>3)45000/- 241/23.03.23 | നിർമ്മാണം പുരോഗമിക്കുന്നു. | ഉത്തരവിതാനം പൂർത്തീകരിച്ചു |
| 14 | പി.എം.എ.വൈ (സെൻട്രൽ ഷെയർ) | നോയൽ കുഞ്ഞുമോൻ പോളേക്കാട്ടിൽ വാർഡ് 6 പള്ളിപ്പുറം | 48,000 | 93819/ 21.01.22 | അടിത്തറ പൂർത്തീകരിച്ചു | നിർമ്മാണം പുരോഗമിക്കുന്നു. |
| 15 | 1)പി.എം.എ.വൈ (സെൻട്രൽ ഷെയർ)<br>2)ബ്ലോക്ക് ഷെയർ<br>3)ജില്ലാ പഞ്ചായത്ത് ഷെയർ<br>4)എസ്.സി.ഡിപ്പാർട്മെന്റ് ഷെയർ<br>5)പി.എം.എ.വൈ (സെൻട്രൽ ഷെയർ) | മോഹൻദാസ് വളവിൽച്ചിറ വാർഡ് 3 പാണാവള്ളി | 3,31,000 | 1)48000/- (94536/01.02.22)<br>2)72000/- (915/24.06.23)<br>3)63000/- (915/03.08.23)<br>4)100000/- (15/22.11.22)<br>5)48000/- (12.04.23) | ഉത്തരവിതാനം പൂർത്തീകരിച്ചു | നിർമ്മാണം നിർത്തി വെച്ചിരിക്കുന്നു |
| 16 | പി.എം.എ.വൈ (സെൻട്രൽ ഷെയർ) | ജോസഫ് ആന്റണി മാന്തറ വീട് വാർഡ് 3 തൈക്കാട്ടുശ്ശേരി | 68,000 | 1)48000/- 37217/ 21.02.17<br>2)20000/- (726144/31.03.17) | നിർമ്മാണം ആരംഭിച്ചിട്ടില്ല | താത്പ്പര്യമില്ല |

നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കാൻ റവന്യൂ റിക്കവറി നടപടി ആരംഭിച്ചിട്ടുണ്ടെന്ന് മറുപടി നൽകി. പ്രസ്തുത ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതും പ്രവൃത്തി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 നിർദ്ദിഷ്ട സമയത്തിനുള്ളിൽ കരാർ വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ LID & EW നിർവ്വഹണം ചെയ്ത താഴെപ്പറയുന്ന പ്രവൃത്തികൾക്ക് സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിർദ്ദിഷ്ട സമയത്തിനുള്ളിൽ കരാർ വയ്ക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2009-6 പ്രകാരം അറിയിപ്പ് രജിസ്റ്റർ ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കുന്നതാണ്. നോട്ടീസ് തീയതി മുതൽ 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കണമെന്നും കരാർ വയ്ക്കാത്ത പക്ഷം കരാർ തുകയുടെ 1% പിഴ കൂടി ഒടുക്കണമെന്ന നിബന്ധനയിൽ കരാർ വെക്കുന്നതിന് 10 ദിവസത്തേക്കു കൂടി സാവകാശം ലഭിക്കുന്നതാണെന്നും നോട്ടീസിൽ അറിയിച്ചിട്ടുണ്ട്. ഇതനുസരിച്ച് സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാതിരുന്നവരിൽ നിന്നും കരാർ തുകയുടെ 1% ഫൈൻ ഇനത്തിൽ ഈടാക്കേണ്ടിയിരുന്നു. എന്നാൽ യഥാസമയം കരാർ ചമയ്ക്കാതിരുന്ന കരാറുകാനിൽ നിന്നും അപ്രകാരം ഫൈൻ ഈടാക്കിയില്ല.

വിശദാംശം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പാണാവള്ളി ഗ്രാമപഞ്ചായത്ത് വാർഡ് -8 വടയനാട് റോഡിൽ അരിക്കാരൻ വെളി ഭാഗത്ത് വെള്ളക്കെട്ട് ഒഴിവാക്കാൻ പൈപ്പ് കാന കവർസ്ലാബ് |
| പ്രോജക്ട് നമ്പർ | S0122/24 |
| കരാറുകാരൻ | സുനിൽ കുമാർ |
| ചെലവു വിവരം | ബിൽ നം - 397/25.03.24 രൂപ 3,92,375/- |
| സെലക്ഷൻ നോട്ടീസ്/ തീയതി | 21.09.23 |
| നോട്ടീസ് അയച്ച തീയതി | 21.09.23 |
| നോട്ടീസ് പ്രകാരം കരാർ വെക്കേണ്ട തീയതി | 04.10.23 |
| കരാർ വെച്ച തീയതി | 12.10.23 |
| കരാർ നമ്പർ/തീയതി | 09/AE/LSGD/TSYBP/12.10.23 |
| എഗ്രീഡ് PAC | 549845 |
| ഈടാക്കേണ്ടുന്ന ഫൈൻ (1%) | 5499 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/15.06.24) ഫൈനൽ ബില്ലിൽ നിന്നും തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞിരിക്കുന്ന പ്രവൃത്തിയിൽ ഫൈൻ ഇനത്തിൽ 5,499/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 'അങ്കണവാടികളിൽ സ്മാർട്ട് സെറ്റിംങ്സ് '- പദ്ധതി നടത്തിപ്പിൽ ഗുരുതരവീഴ്ച- വിതരണം ചെയ്യാത്ത സാധനങ്ങളുടെ വില നിരാകരിക്കുന്നു

ശിശു വികസന പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ 'അങ്കണവാടികളിൽ സ്മാർട്ട് സെറ്റിംങ്സ് ' എന്ന പ്രോജക്ടിന്റെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

പ്രോജക്ട് നം.S0017/22-23

അടങ്കൽ – 8,53,500/-(വികസനഫണ്ട് – പൊതുവിഭാഗം)

ചെലവ് – 3,72,000/- (23-24)
– 4,81,500/-(ക്യൂബിൽ – 24-25)
ഇൻവോയ്സ് നം.RJE02178/23-24/28.11.23 -372000/- (ട്രഷറി ബിൽ നം.14/13.2.24)
ഇൻവോയ്സ് നം.RJE02186/23-24/29.11.23 -347500/-
ഇൻവോയ്സ് നം.RJE02194/23-24/30.11.23 -134000/-
4,81,500/-(ട്രഷറി ബിൽ നം.02/24-25/9.5.24 – 481500/-)

തൈക്കാട്ടുശ്ശേരി ബ്ലോക്കിനുകീഴിലുള്ള 5 ഗ്രാമപഞ്ചായത്തുകളിലെ ഓരോ അങ്കണവാടികളെ സ്മാർട്ട് അങ്കണവാടികളാക്കുന്നതിനായാണ് മേൽ പ്രോജക്ട് നടപ്പിലാക്കിയിട്ടുള്ളത്. പ്രോജക്ടിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന ഇനങ്ങളാണ് വാങ്ങി വിതരണം നടത്തിയിട്ടുള്ളത്.

| | ഇനം | ഒരെണ്ണത്തിന്റെ വില | ആകെ വാങ്ങിയത് | ആകെ | ലഭ്യമാക്കിയ വിതരണ വിവരം (അങ്കണവാടി നം.) | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | പാണാവള്ളി (നം.51) | തൈക്കാട്ടുശ്ശേരി (നം.40) | അരൂക്കുറ്റി (നം.73) | പെരുമ്പളം (നം.73) | ചേന്നം പള്ളിപ്പുറം (നം.73) |
| 1 | ഫ്ലോർ കവേഡ് റബ്ബർ മാറ്റ് | 350 | 350 എണ്ണം | 122500 | 250Sqft | 250Sqft | 250Sqft | ഇല്ല | ഇല്ല |
| 2 | വിൻഡോ ബ്ലൈൻഡ്സ് | 1625 | 20 | 32500 | 4 | 4 | 4 | 4 | 4 |
| 3 | വാട്ടർ പ്യൂരിഫയർ (അക്വാഗാർഡ്) | 19900 | 5 | 99500 | 1 | 1 | 1 | 1 | 1 |
| 4 | ഓഫീസ് ടേബിൾ | 6000 | 5 | 30000 | 1 | 1 | 1 | 1 | 1 |
| 5 | ഓഫീസ് ചെയർ | 3900 | 5 | 19500 | 1 | 1 | 1 | 1 | 1 |
| 6 | ബെഞ്ച് & ഡെസ്ക് | 8900 | 20 | 178000 | 4 | 4 | 4 | 4 | 4 |
| 7 | ക്ലാസ്റൂം റൈറ്റിഗ് ബോർഡ് | 1750 | 5 | 8750 | 1 | 1 | 1 | 1 | 1 |
| 8 | ക്ലാസ്റൂം നോട്ടീസ് ബോർഡ് | 1750 | 5 | 8750 | 1 | 1 | 1 | 1 | 1 |
| 9 | പോർട്ടബിൾ ആംപ്ലിഫയർ | 20000 | 5 | 100000 | 1 | 1 | 1 | 1 | 1 |
| 10 | ഭിത്തി പെയിന്റിംങ് & ഡ്രോവിംഗ് | 24000 | 5 | 120000 | 1 | 1 | 1 | 1 | 1 |
| 11 | ടോയ് ഷെൽഫ് | 6800 | 5 | 34000 | 1 | 1 | 1 | 1 | 1 |
| 12 | വിവിധ | 20000 | 5 | 100000 | 1 | 1 | 1 | 1 | 1 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | ടോയ്സ് | | | | | | | | |
| | ആകെ | | | 853500 | | | | | |

മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള സാധനങ്ങൾ വിതരണം ചെയ്തതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

**1. ഫ്ലോർ കളേഡ് റബ്ബർ മാറ്റ് സ്ഥാപിച്ചതിൽ കുറവ്**

ഇൻവോയ്സ് നം.RJE02178/23-24/28.11.23 -372000/- പ്രകാരം Colourful Playmat (Floor Coloured Rubbermat-set Of 4 Pcs)-88 എണ്ണം വാങ്ങിയിട്ടുണ്ട്. ഒരു പാക്കറ്റിൽ 4 എണ്ണം വീതം ഉള്ളതായാണ് ബില്ലിലും GeM സ്റ്റേറ്റ്മെന്റിലും കാണിച്ചിട്ടുള്ളത്. ആകെ 88x4=352 എണ്ണം. ഒരെണ്ണം 4 Sqft(2'x2') വലുപ്പമുള്ളതാണ്. GeM സ്റ്റേറ്റ്മെന്റും ഇൻവോയ്സും പ്രകാരം ഒരെണ്ണത്തിന് 350/- രൂപ നിരക്കിൽ 350 എണ്ണമാണ് വാങ്ങിയിട്ടുള്ളത്.

സി.ഡി.പി.ഒ. ഹാജരാക്കിയിട്ടുള്ള വിതരണ സ്റ്റേറ്റ്മെന്റ് പ്രകാരം 250Sqft. വീതം മൂന്ന് അങ്കണവാടികൾക്കാണ് വിതരണം നടത്തിയിട്ടുള്ളത്. രണ്ട് അങ്കണവാടികൾക്ക് മാറ്റ് ആവശ്യമില്ല എന്നറിയിച്ചതിനാൽ നല്കിയിട്ടില്ല. എന്നാൽ 350 മാറ്റുകൾക്ക് ഏകദേശം 1400Sqft. വിസ്തൃതി വരുന്നതാണ്. വിതരണരേഖപ്രകാരവും ആകെ 750Sqft. മാത്രമാണ് നല്കിയിട്ടുള്ളത്.

ഇതു സംബന്ധിച്ച് 14.06.2024, 15.06.2024 തീയതികളിൽ ഓഡിറ്റിൽ നിന്നും ഫ്ലോർമാറ്റ് സ്ഥാപിച്ച പാണാവള്ളി, തൈക്കാട്ടുശ്ശേരി, അരൂക്കുറ്റി ഗ്രാമപഞ്ചായത്തുകളിലെ അങ്കണവാടികളിൽ നടത്തിയ ഭൗതിക പരിശോധനയിൽ എല്ലാ അങ്കണവാടികളിലും ക്ലാസ് പ്രവർത്തിക്കുന്ന ഒരു റൂമിൽ മാത്രം താഴെ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള അളവിൽ ഫ്ലോർമാറ്റ് വിരിച്ചിട്ടുള്ളതായും വിൻഡോ ബ്ലിൻഡ് സ്ഥാപിച്ചിട്ടുള്ളതായുമാണ് ബോധ്യപ്പെട്ടത്. ഭൌതികപരിശോധനയിൽ കാണപ്പെട്ട സാധനങ്ങളുടെ ലിസ്റ്റ് അങ്കണവാടി വർക്കർമാരും ബന്ധപ്പെട്ട ഐ.സി.ഡി.എസ്.സൂപ്പർവൈസർമാരും സാക്ഷ്യപ്പെടുത്തി നല്കിയിട്ടുള്ളതാണ്. വിരിച്ചതിനുശേഷമുള്ള ഫ്ലോർ കളേഡ് റബ്ബർ മാറ്റ് തിരികെ കൊണ്ടുപോയതായാണ് അങ്കണവാടി ജീവനക്കാർ അറിയിച്ചത്.

| ഇനം | പാണാവള്ളി (നം.51) | തൈക്കാട്ടുശ്ശേരി (നം.40) | അരൂക്കുറ്റി (നം.73) | ആകെ |
|---|---|---|---|---|
| ഫ്ലോർ കളേഡ് റബ്ബർ മാറ്റ് | 54എണ്ണം | 50 എണ്ണം | 48 എണ്ണം | 152 |

എന്നാൽ പാണാവള്ളി ഗ്രാമപഞ്ചായത്തിലെ അങ്കണവാടിയിൽ 2 പാക്കറ്റ് (8എണ്ണം) ഫ്ലോർ കളേഡ് റബ്ബർ മാറ്റ് സ്റ്റോക്ക് ഉള്ളതായി സി.ഡി.പി.ഒ. പിന്നീട് നേരിൽ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (10/15.06.24) മറുപടി ലഭ്യമാക്കിയില്ല.

മേൽ സൂചിപ്പിച്ച പ്രകാരം വാങ്ങിയതിൽ വിതരണം ചെയ്തതിൽ കുറവുവന്ന 190 (350-160(152+8)) ഫ്ലോർ കളേഡ് റബ്ബർ മാറ്റിന്റെ വിലയായ 66500/-(350x190) രൂപ നഷ്ടമായതായി കണക്കാക്കുന്നു.

**2. വിൻഡോ ബ്ലിൻഡ്സ് സ്ഥാപിച്ചിട്ടുള്ളതിൽ കുറവ്**

| ഇനം | പാണാവള്ളി (നം.51) | തൈക്കാട്ടുശ്ശേരി (നം.40) | അരൂക്കുറ്റി (നം.73) | ആകെ |
|---|---|---|---|---|
| വിൻഡോ ബ്ലിൻഡ്സ് | 3 | 3 | 4 | 10 |

ഇൻവോയ്സ് പ്രകാരവും വിതരണരേഖകൾ പ്രകാരവും വിൻഡോ ബ്ലിൻഡ്സ് 5 അങ്കണവാടികൾക്ക് 4 എണ്ണം വീതം വിതരണം നടത്തിയതായാണുള്ളതെങ്കിലും 3 അങ്കണവാടികളിൽ നടത്തിയ

ഭൌതികപരിശോധനയിൽ മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ളവിധം ആകെ 10 എണ്ണം മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. അതിൽ ഒരെണ്ണം മാത്രം 3 പാളി ജനലിനും മറ്റ് 9 എണ്ണവും 2 പാളി ജനലുകൾക്കാണ്. GeM സ്റ്റേറ്റ്മെന്റ്, ഇൻവോയ്സ് എന്നിവയിൽ വിൻഡോ ബ്ലിൻഡ്സിന്റെ വിസ്തീർണ്ണം/സൈസ് സൂചിപ്പിച്ചിട്ടില്ല. വിതരണം ചെയ്തതിൽ കുറവുവന്ന 2 വിൻഡോ ബ്ലിൻഡ്സന്റെ വിലയായ 3250/-(1625x2) രൂപയും നഷ്ടമായതായി കാണുന്നു.

ആയതിനാൽ മേൽ സൂചിപ്പിച്ച പ്രകാരം 190 (350-160(152+8)) ഫ്ലോർ കളേഡ് റബ്ബർ മാറ്റിന്റെ വിലയായ 66,500/-(350x190) രൂപയും 2 വിൻഡോ ബ്ലിൻഡ്സന്റെ വിലയായ 3,250/-(1625x2) രൂപയുമുൾപ്പെടെ ആകെ 69,750/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**3. <u>അങ്കണവാടികളിൽ നടത്തിയ ഭൌതികപരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ</u>**

I) തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിലെ അങ്കണവാടിയിൽ വാട്ടർ പ്യൂരിഫയർ ഇൻസ്റ്റലേഷൻ നടത്തിയിട്ടില്ല.

II) വാങ്ങിയ നോട്ടീസ് ബോർഡ് വയ്ക്കാൻ സ്ഥലമില്ലാത്തതിനാൽ ഒരു അങ്കണവാടിയിൽ സ്ഥാപിച്ചിട്ടില്ല. സ്ഥാപിച്ച ഒരു അങ്കണവാടിയിൽ സ്ഥലമില്ലാത്തതിനാൽ ജനൽ മറച്ച് സ്ഥാപിച്ചിരിക്കുന്നു.

III) കേവലം 3 സെന്റ് സ്ഥലംമാത്രമുള്ള മേൽ അങ്കണവാടികളിൽ ക്ലാസ് മുറിയായി ആകെ എകദേശം 200 ചതുരശ്ര അടി സ്ഥലം മാത്രമാണുള്ളത്. ഇവിടെ ഡസ്ക്, ബഞ്ച്, ടീച്ചേഴ്സ് ടേബിൾ & ചെയർ, ആംപ്ലിഫയർ, ബുക്ക് ഷെൽഫ് തുടങ്ങി വാങ്ങിയിട്ടുള്ള ഉപകരണങ്ങളും നിലവിലുണ്ടായിരുന്ന ഉപകരണങ്ങളും ഇട്ടിട്ടുള്ളതിനാൽ കളിയുപകരണങ്ങൾ വയ്ക്കാൻ സ്ഥലമില്ലാത്തതിനാൽ ബർത്തിലും സ്റ്റോർമുറിയിലുമായി കൂട്ടിയിട്ടിരിക്കുന്നു. സ്ഥലമില്ലാത്തതിനാൽ ഡസ്ക്, ബെഞ്ച് എന്നിവ ഉപയോഗിക്കാൻ പറ്റാത്തരീതിയിൽ അടുക്കിവച്ചിരിക്കുന്നു. പല ഉപകരണങ്ങളുടെയും പായ്ക്കിംഗ് കവർപോലും മാറ്റിയിട്ടില്ല. മുറ്റത്തും വളരെ പരിമിതമായ സ്ഥലമാണുള്ളത്.

IV) വളരെ സ്ഥലപരിമിതിയുള്ള ഈ അങ്കണവാടികളിൽ വാങ്ങിയിട്ടുള്ള പോർട്ടബിൾ ആംപ്ലിഫയർ ഉപയോഗിച്ച് ഒരു പരിപാടി പോലും നടത്തുവാൻ സാധിക്കില്ല.

V) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളും മേൽ അങ്കണവാടികൾക്കുതന്നെ വിവിധ പദ്ധതികളിലായി പല സാധനങ്ങളും കളിയുപകരണങ്ങളും വാങ്ങി നല്കിവരുന്നു. 2024-25 വർഷവും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ അങ്കണവാടികൾക്കായി ഇതുപോലത്തെ പദ്ധതികൾ രൂപീകരിച്ചിട്ടുള്ളതായാണ് മനസ്സിലാക്കുന്നത്.

ആവശ്യകത നിർണ്ണയിക്കാതെയും പരിശോധന നടത്താതെയുമാണ് ഇത്രയും വലിയ തുകയ്ക്കുള്ള പദ്ധതി നടപ്പിലാക്കിയതെന്നും സാധനങ്ങൾ വിതരണം ചെയ്തത് പരിശോധിക്കാതെ തുക അനുവദിക്കുകയാണ് ചെയ്തതെന്നും മേൽ അപാകതകളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുമായുള്ള ഏകോപനമില്ലായ്മ ഈ പദ്ധതിയുടെ പ്രധാന പോരായ്മയായി കാണാം. ഉപയോഗിക്കാൻ സാധിക്കാത്ത കളിയുപകരണങ്ങളും സാധനങ്ങളും അവ ആവശ്യമായ മറ്റ് അങ്കണവാടികൾക്ക് നല്കുന്നതും പോർട്ടബിൾ ആംപ്ലിഫയർ ഉപകാരപ്രദമായ മറ്റ് സ്ഥാപനങ്ങൾക്ക് നല്കുന്നതും പരിഗണിക്കാവുന്നതാണ്.



## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2023-24 | 4,95,000 | PMAY ( SCP ) | 4,95,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 3,50,000 | PMAY(G), (SCP) | 3,50,000 | 0 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിലെ വിവരം

ഇല്ല

**4-8 ചാർജ്ജ്, സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം**

ഇല്ല

**4-9 ഓഡിറ്റ് പ്രത്യവലോകനം**

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,35,98,354 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,83,94,489 |
| വരവിനങ്ങളിലുള്ള നഷ്ടം | 5,499/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 69,750/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,37,725/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 5,499/- | | ശ്രീമതി ജിഷ ആന്റണി, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-1 | | 69,750/- | ശ്രീമതി സോയ സദാനന്ദൻ, സി.ഡി.പി.ഒ. |
| ആകെ | 5,499/- | 69,750/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേര്, ഉദ്യോഗപ്പേര് |
|---|---|---|
| 1-14 | 6,000/- | ശ്രീമതി സോയ സദാനന്ദൻ, സി.ഡി.പി.ഒ. |
| 1-16 | 31,000 | ശ്രീമതി ജീമോൾ ജി., സെക്രട്ടറി |
| 1-17 | 2,00,725 | ഡോ.സ്വരൂപ് ടെന്നിസൺ കെ., മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി., പെരുമ്പളം |
| ആകെ | 2,37,725/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സോയ സദാനന്ദൻ, സി.ഡി.പി.ഒ | സി.ഡി.പി.ഒ., തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | തച്ചാവെളി, ചാരമംഗലം, മായിത്തറ പി.ഒ., ചേർത്തല |
| ശ്രീമതി ജിഷ ആന്റണി, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | നാനാട്ട്, പനങ്ങാട് പി.ഒ., എറണാകുളം |
| ശ്രീമതി ജീമോൾ ജി., സെക്രട്ടറി | സെക്രട്ടറി, തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് | റോസ് ഗാർഡൻ, മരുത്തോർവട്ടം പി.ഒ., ചേർത്തല |
| ഡോ.സ്വരൂപ് ടെന്നിസൺ കെ., മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി., പെരുമ്പളം | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി., പെരുമ്പളം | കരുമാഞ്ചേരി വീട്, പട്ടണക്കാട് പി.ഒ., ചേർത്തല |

**<u>4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ5-832/11/31.1.12 |
| 2006-07 | എൽ.എഫ്.ജി.എ.5-1577/ 14/5.7.14 |
| 2007-08 | എൽ.എഫ്.ജി.എ.5-1577/ 16.5.14 |
| 2008-09 | എൽ.എഫ്.ജി.എ.5-1577/14/7.6.14 |
| 2009-10 | എൽ.എഫ്.ജി.എ.5-1577/14/16.5.14 |
| 2010-11 &11-12 | എൽ.എഫ്.എ.ബി.പി.1/766/13/21.1.14/11.4.14 |
| 2012-13 &13-14 | എൽ.എഫ്.എ.ബി.പി.320/2015/1/6/15 |
| 2014-15&2015-2016 | കെ.എസ്.എ 225/എ.എൽ.പി/ബി.പി. /17/10.3.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/ബി.പി-1371/7/ 08.11.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/ബി.പി-33/2019/ 05.01.2019 |

| | |
|---|---|
| 2018-2019 | കെ.എസ്.എ-എ.എൽ.പി/ബി.പി-776/2019/ 18.9.2019 |
| 2019-2020 | കെ.എസ്.എ-എ.എൽ.പി/ബി.പി-488/2022/ 19.05.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി/ബി.പി-489/2022/ 19.05.2022 |
| 2021-22 | കെ.എസ്.എ-എ.എൽ.പി/ബി.പി-1637/2022/ 13.03.2022 |
| 2022-23 | കെ.എസ്.എ-എ.എൽ.പി/ബി.പി-1307/2023/ 07.11.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# Annexure-1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 3(1) dated 07-05-2024 and submitted on 21-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Thycattussery Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Thycattussery Block Panchayat as on 31-03-2024

**Date: 08/08/2024** **Senior Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Thycattussery Block Panchayat for the Year 2023-2024.

### 1.Major Observations

Nil

### 2.Other Observations

1. Notes on account are not included in the annual accounts.
2. Cash flow statement- does not reflect the correct figure.
3. The amount of expenditure of funds in the annual accounts does not match with the amount in ACR.
4. The provision amount in the annual accounts under the finance commission grant item does not match the amount in the ACR.

5. DCB has not been written in the rent register.

6. Accounts in the name of the Secretary are not included in the annual Finance Statement.

Senior Deputy Director

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്